## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3419 — 14.07.2015-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ നൽകുന്ന പദ്ധതി

ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

മറുപടി
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സൗജന്യമായി ഓട്ടോറിക്ഷകൾ നൽകുന്ന ഒരു പദ്ധതി 2012 വർഷം നടപ്പാക്കിയിരുന്നു. 14 ജില്ലകളിൽ നിന്നുള്ള 500 പേരെയാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ഓട്ടോറിക്ഷ വിതരണം നടത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ യുവതികൾക്ക് സൗജന്യമായി ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് കരസ്ഥമാക്കി കൊടുക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. |
| ബി) | പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ നേടിക്കൊടുക്കുന്നതോടൊപ്പം സ്ഥിരവരുമാനം ഉറപ്പാക്കി ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം. |

| | | | |
|---|---|---|---|
| സി) | പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ ശാക്തീകരണം എത്രത്തോളം ഫലപ്രദമാക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്; | സി) | സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട് ജീവിച്ചു വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും, സ്ഥിരവരുമാനം ഉറപ്പാക്കി സ്വയംപര്യാപ്തമാക്കി ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത് ജില്ലാതലത്തിലായിരുന്നു. ജില്ലാതലത്തിൽ ഓരോ പട്ടികവർഗ്ഗ സമുദായത്തിനും ജനസംഖ്യയ്ക്ക് ആനുപാതികമായി പ്രാതിനിധ്യം നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ആനുപാതിക പ്രാതിനിധ്യം നൽകുന്നതിന് ഒരു സമുദായത്തിൽ നിന്നും അപേക്ഷകർ ഇല്ലാതെ വന്നാൽ ടി അവസരം മറ്റ് പട്ടികവർഗ്ഗ സമുദായക്കാർക്ക് നൽകിയിരുന്നു. അപേക്ഷകരിൽ അവിവാഹിതരായ അമ്മമാർ, അവരുടെ ആശ്രിതർ, വിധവകൾ, വിധവകളുടെ അവിവാഹിതരായ മക്കൾ, സ്ത്രീകൾ കുടുംബനാഥയായുള്ള കുടുംബത്തിലെ പെൺകുട്ടികൾ എന്നിവർക്ക് മുൻഗണന നൽകിയിരുന്നു.<br>ജില്ലാ കളക്ടർ ചെയർമാനായ ഇന്റർവ്യൂ ബോർഡ് കൂടികാഴ്ച നടത്തിയാണ് അപേക്ഷകരിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ